**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3036** — 15.12.2015 -ൽ മറുപടിക്ക്

**പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തിയുടെ പേരിൽ നൽകൽ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം തമലം ത്രിവിക്രമംഗലം ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിന് മുൻവശമുള്ള പുറമ്പോക്ക് ഭൂമി റീസർവ്വേയ്ക്കുശേഷം സ്വകാര്യ വ്യക്തിയുടെ പേരിൽ അനധികൃതമായി നൽകിയതിനെതിരെ ദേവസ്വം സ്പെഷ്യൽ തഹസിൽദാർ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (എ) നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത റിപ്പോർട്ടിന്മേലും ക്ഷേത്രോപദേശക സമിതിയുടെ പരാതിയിലും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) ക്ഷേത്രഭൂമിയായ പുറമ്പോക്ക് പതിച്ചു കൊടുത്തതായ പരാതി സ്പെഷ്യൽ തഹസിൽദാർ ഭൂസംരക്ഷണം, തിരുവിതാംകൂർ ദേവസ്വം ബോർഡിന് റിപ്പോർട്ടിനായി നൽകുകയും, ടി റിപ്പോർട്ടിൽ പ്രസ്തുത ക്ഷേത്രത്തിന് സമീപം താമസിക്കുന്ന ശ്രീ നാരായണൻ പോറ്റി എന്നയാൾ പുറമ്പോക്ക് ഭൂമി കൈയ്യേറിയിട്ടുള്ളതായും, ആയതിന്റെ അടിസ്ഥാനത്തിൽ റീസർവ്വേ ക്യാമ്പ് ആഫീസ് കര്യാത്തിയിലെ ഹെഡ് സർവെയറെക്കൊണ്ട് സ്ഥലം സർവ്വേ ചെയ്യുകയും സർവ്വേ നമ്പർ 2004-ൽ പതിനാറു സെന്റ് സ്ഥലം 16945, 7535 എന്നീ നമ്പരുകളിൽ കരമൊടുക്കി വരുന്നതും, ടി സ്ഥലത്തിന് മൂന്ന് വശവും വ്യക്തമായ അതിർത്തിയുള്ളതുമാണ്. പുഴ പുറമ്പോക്ക് ഭാഗത്ത് അതിർത്തിയില്ലാത്തതായ ഭാഗമാണ് കൈയ്യേറിയിട്ടുള്ളത്. മെഷർമെന്റ് സ്കെച്ച്, ഡിവൈഡ് സ്കെച്ച് എന്നിവയുടെ അടിസ്ഥാനത്തിൽ ഭൂമിയിൽ റീഫിക്സ് ചെയ്ത് പുനഃപരിശോധിച്ച് റിക്കാർഡ് തയ്യാറാക്കിയിട്ടുള്ളതുമാണ്. |
| (സി) പ്രസ്തുത ആറ്റുപുറമ്പോക്ക് ഭൂമി അളന്നുതിരിച്ച് സർക്കാർ ഭൂമിയായി നിലനിർത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) ആറ്റു പുറമ്പോക്കും ക്ഷേത്രഭൂമിയും പ്രത്യേകമായി അളന്ന് തിരിച്ച് സ്കെച്ച് തയ്യാറാക്കുന്നതിന് താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**